# Academic Master Plan 2025-27


## GBLPS Bombrana

School Code:11202
UDISE:32010100116
11202bambrana@gmail.com

# ആമുഖം

നമ്മുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശത്തോടു കൂടിയാണ് കൃത്യമായ അക്കാദമികമാസ്റ്റർ പ്ലാൻ ആസൂത്രണംചെയ്ത് നടപ്പാക്കുന്നത്.കുട്ടികളുടെ പൊതുവായതും ഓരോകുട്ടിയുടെയും സവിശേഷമായമികവ് ഉറപ്പാക്കുന്നതും ഉദ്ദേശിച്ചാണ് ഇതിന്റെപ്രവർത്തനങ്ങൾ. നമ്മുടെ സ്കൂളിന്റെ സാഹചര്യത്തിനിണങ്ങിയ പഠന- ബോധന പ്രവർത്തനങ്ങൾ വിഷയബന്ധിതമായി വിലയിരുത്തി കൂട്ടായ ചർച്ചകൾക്ക് ശേഷമാണ് അടുത്ത പത്തു വർഷത്തിൽ നമ്മുടെ വിദ്യാലയത്തിന് കൈവരിക്കാവുന്ന പഠനനേട്ടങ്ങളെയും പ്രക്രിയകളെയും ഞങ്ങൾ ഈ രേഖയിൽ ചിട്ടപ്പെടുത്തിട്ടുള്ളത് . കുട്ടികളുടെ അറിവിനെയും കഴിവിനെയും താൽപര്യത്തെയും ഉൾക്കൊള്ളാനും അവരെ മുന്നോട്ട് നയിക്കാനും ഉതകുന്ന രീതിയിലാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. മാറുന്നകാലത്ത് പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കാൻ പ്രതീക്ഷയേകുന്നതുമായപ്രവർത്തനങ്ങളാണ് വരും പേജുകളിൽ ഇതൊരു അന്തിമ രേഖയല്ല അനുഭവങ്ങളുടെയും സാധ്യതകളുടെയും അടിസ്ഥാനത്തിൽ ഇതിൽ കൂട്ടിച്ചേർക്കലുകൾക്കും തിരുത്തലുകൾക്കുമായി ഇത് സമർപ്പിക്കുന്നു. സ്കൂളിനെസംബന്ധിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരംതാലൂക്കിൽ കുമ്പള ഗ്രാമ പഞ്ചായത്ത് 4-ാംവാർഡിൽ ബംബ്രാണ എന്ന ഗ്രാമത്തിൽ "പട്ടെ" എന്ന സ്ഥലത്താണ് 1926 ൽ നമ്മുടെവിദ്യാലയം ജി.ബി. എൽ പി സ്കൂൾ ബംബ്രാണ സ്ഥാപിതമായത് ( [illegible] മേഞ്ഞതും സൗകര്യംകുറഞ്ഞതും ആയിരുന്നു) സ്ഥലപരിമിതികൾ ബുദ്ധിമുട്ടായപ്പോൾ മൂന്ന് വർഷങ്ങൾക്കിപ്പുറം ഈവിദ്യാലയം ഇന്ന് കാണുന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കപ്പെട്ടു. 99 വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ വിദ്യാലയത്തിന് ഇന്നും പറയാനുള്ളത്, സ്വദേശത്തും വിദേശത്തും നല്ല നിലയിൽ ജീവിതം പുലർത്തുന്ന തലമുറയുടെ പാരമ്പര്യം തന്നെയാണ്. കർഷകരും കൂലിപ്പണിക്കാരും ഉൾപ്പെടുന്ന സമൂഹത്തിന് വരുംതലമുറയ്ക്കെങ്കിലും കഷ്ടപ്പാടിൽ നിന്നുമോചനം വേണം എന്ന ചിന്ത തന്നെയായിരുന്നു ഈ വിദ്യാലത്തിന്റെ കടന്നുവരവിന്കാരണമായതും. അതുകൊണ്ടു തന്നെ ഇത് ഇന്ന് കാണുന്ന രീതിയിൽ നിന്നും ഒരു മാറ്റം എന്ന ആവശ്യം ഉയർന്നു വരികയാണ്. നമ്മുടെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നേടണമെങ്കിൽഇനിയും ഈ വിദ്യാലയം ഇവിടെ നിലനിന്നേ മതിയാവൂ.സ്കൂൾ തുടങ്ങിയ വേളയിൽ ഇവിടെ കന്നഡ മീഡിയം മാത്രമായിരുന്നു.കുറച്ച് വർഷങ്ങൾക്കിപ്പുറം മലയാളം മീഡിയവും ഈ വിദ്യാലയത്തിൽ തുടങ്ങുകയും ചെയ്തു. ഇവിടെ പഠിച്ച പല കുട്ടികളും ഇന്ന് ഉന്നത ജോലികളിൽ ഏർപ്പെടുന്നു. ഒരു പാട് വിദ്യാർത്ഥികൾക്ക് അക്ഷര കേന്ദ്രവും ഒരു ദേശത്തിന്റെ തന്നെ ആത്മാവിനെ തൊട്ടറിഞ്ഞതുമായ ഈ വിദ്യാലയത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ് . ഇംഗ്ലീഷ് മീഡിയത്തിന്റെ കടന്നുവരവ്, വാഹന സൗകര്യമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ കുട്ടികളുടെ എണ്ണത്തിൽ നല്ല കുറവനുഭപ്പെടുന്നു. 2.89 ഏക്കർ വിസ് തീർണ്ണത്താൽ ചുറ്റപ്പെട്ടു കിടക്കുന്നതാണ് സ്കൂൾ വക സ്ഥലം. ചുറ്റമതിൽ ഇല്ലാത്തത് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെയും കുട്ടികളുടെ സുരക്ഷയുടെ കാര്യത്തിലും ഭീഷണിയുയർത്തുന്നു. ഇക്കാരണവും കുട്ടികളുടെ എണ്ണത്തിൽ കുറവു വരുത്തി.

സ്കൂൾ മൈതാനമാണ് സ്കൂൾ പരിസരവാസികളുടെ ഏക ഗതാഗത മാർഗവും. ഗതാഗതത്തെ തടസ്സപ്പെടുത്താതെ സുഗമമായ സ്കൂളിന്റെ നടത്തിപ്പിനെ ബാധിക്കാതെ കുട്ടികളുടെ സുരക്ഷയ്ക്ക് വീഴ്ച പറ്റാത്ത തരത്തിൽ മാറണമെങ്കിൽ ബന്ധപ്പെ അധികൃതരും രക്ഷിതാക്കളും നാട്ടുകാരും ചേർന്ന് ചുറ്റമതിൽ യാഥാർത്ഥ്യമാക്കിയാൽ മാത്രമേ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞംഎന്ന ലക്ഷ്യം നമുക്ക് കൈവരിക്കാൻ സാധിക്കുകയുള്ളൂ. 2025- 26 അധ്യയന വർഷത്തിൽ ആകെ 86 കുട്ടികൾ ഇവിടെ പഠിക്കുന്നു. ആകെ 9 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു.വാഹന സൗകര്യം കുട്ടികളുടെ വർധനവിനു കാരണമായി, കലോൽസവം, കായികമേള തുടങ്ങി പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ ഞങ്ങളുടെ കുട്ടികൾ മികവ് പുലർത്തിയിട്ടുണ്ട് . പരിമിതമായ ഭൗതിക സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് ഇതുവരെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. അക്കാദമികവും ഭൗതികവും സാമൂഹികവുമായ മാറ്റങ്ങൾ ഇനിയും വരാനുള്ളതു കൊണ്ട് അതുണ്ടായാലുള്ള

മാറ്റങ്ങൾ നമ്മുടെ പൊതുവിദ്യാലയത്തെ അഭിമാനത്തിന്റെ പരമകോടിയിലെത്തിക്കാൻ നമ്മുടെ കരുന്നുകളെക്കൊണ്ട് സാധിക്കും എന്ന പ്രതീക്ഷയോടെ ഈ മാസ്റ്റർപ്ലാൻ സമർപ്പിക്കുന്നു. വിദ്യാഭ്യാസ പരമായും സാമൂഹ്യപരമായും പിന്നോക്കാവസ്ഥ നേരിടുന്ന ഒരു സമൂഹത്തിൽ നിന്നും വരുന്ന കുട്ടികളെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ട് വെയ്ക്കുന്ന ആശയധാരയിലെത്തിക്കാൻ സ്കൂൾ സംവിധാനങ്ങളുടെ ഇടപെടലുകൾ കൂടുതൽ ക്രിയാത്മകവും സർഗാത്മകവും ആകേണ്ടതുണ്ട്. കുട്ടികളുടെ പ്രശ്നങ്ങളും പരിമിതികളും മനസ്സിലാക്കി പഠന പ്രക്രിയകൾ ക്രമീകരിക്കേണ്ടതുണ്ട് പഠനോപകരണങ്ങൾ, വായനാക്കാർഡുകൾ എന്നിവ ധാരാളമായി ഉൾപ്പെടുത്തി പഠനം ആയാസരഹിതമായ അനുഭവമാക്കി മാറ്റേണ്ടതുണ്ട്. വായന, ലേഖനം, ആശയ പ്രകടനം എന്നിവയിൽ കുട്ടികൾ നേരിടുന്ന പിന്നോക്കാവസ്ഥ പരിഹരിക്കാൻ സ്കൂളിന്റെ പശ്ചാത്തലത്തിന് അനുയോജ്യമായ തനതു പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തേണ്ടതുണ്ട്. പഠന പ്രക്രിയയിൽ രക്ഷിതാക്കളെക്കൂടി ഭാഗമാക്കുന്നതിനു രക്ഷിതാക്കളെ ബോധവൽക്കരിക്കേണ്ടതുണ്ട് . ഭൗതീക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയും ആകർഷകമാക്കിയും അക്കാദമിക പ്രവർത്തനങ്ങൾ മികവുറ്റതാക്കിയും വിദ്യാലയപരിസരത്തെ മുഴവൻ കുട്ടികളെയും വിദ്യാലയ കേന്ദ്രത്തിലേക്ക് ആകർഷിക്കേണ്ടതുണ്ട് പാഠപുസ്തകത്തിനപ്പുറമുള്ള അറിവുകളും അനുഭവങ്ങളും സ്വായത്തമാക്കുന്നതിനു വായന ഒരു സംസ്കാരമാക്കി മാറ്റേണ്ടതുണ്ട് കുട്ടികൾക്ക് അതിന് രക്ഷിതാക്കളെ ബോധവൽക്കരിച്ച് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുകയും വേണം. അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി.ബി എൽ.പി.സ്കൂൾ, ബംബ്രാണ. |
| വിലാസം | : പി.ഒ ബംബ്രണ് കുമ്പള, 671321<br>കാസർഗോഡ് |
| സ്കൂൾ കോഡ് | : 11202 |
| UDISE | : 3201010016 |
| വില്ലേജ് | : ബംബ്രാണ |
| പഞ്ചായത്ത് | : കുമ്പള |
| ഉപജില്ല | : മഞ്ചേശ്വരം |
| ജില്ല | : കാസർഗോഡ് |
| ബി.ആർ.സി | : മഞ്ചേശ്വരം |
| Email | :11202 bambrana@gmail.com |

## പേര്: സ്കൂൾ നവീകരണം

## മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുതിയ സ്കൂൾ കെട്ടിടത്തിന്റെ വരാന്ത ഗ്രില്ലിട്ട് സുരക്ഷ ഉറപ്പാക്കുക. | പുതിയ സ്കൂൾ കെട്ടിടത്തിന്റെ വരാന്തയിൽ ഗ്രിൽസ് ഇടുന്നതിലൂടെ ഇപ്പോഴുള്ള മൃഗശല്യം ഒഴിവാക്കാനും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാനും സ്കൂൾ കെട്ടിടം കൂടുതൽ വൃത്തിയായി സംരക്ഷിക്കാനും സാധിക്കണം. | 1 വർഷം. | പിടി എ, എസ്.എം.സി., പഞ്ചായത്ത് | Panchayath and SMC |

## പേര്: കിണർ – സുരക്ഷ

## മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ മുറ്റത്തുള്ള കിണറിന് കമ്പിവല ഇട്ടുകൊണ്ട് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുക. | സ്കൂളിന്റെ മുറ്റത്തുള്ള കിണറിന് കമ്പി വല ഇട്ടുകൊണ്ട് കുട്ടികളുടെ സുരക്ഷയും കിണറിന്റെ സംരക്ഷണവും വൃത്തിയും ഉറപ്പാക്കുക. | 1 മാസം | പിടി എ, എസ്എംസി | Panchayath and SMC |

# പേര്: സ്കൂൾ ചുററുമതിൽ

## മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ കോമ്പൗണ്ടിന് ചുറ്റും സുരക്ഷ മതിൽ നിർമിച്ചുകൊണ്ട് സ്കൂളിനും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക. | സ്കൂൾ കോമ്പൗണ്ടിന് ചുറ്റും ചുറ്റുമതിൽ നിർമ്മിക്കുന്നതിലൂടെ സ്കൂളിന്റെ സുരക്ഷ ഉറപ്പാക്കാൻ സാധിക്കും. സ്കൂൾ ഗ്രൗണ്ടും സ്കൂൾ കെട്ടിടവും വൃത്തിയായും കേടുപാടുകൾ കൂടാതെയും സംരക്ഷിക്കാൻ സാധിക്കും. കൂടാതെ ഇപ്പോഴുള്ള മൃഗശല്യം, ഗ്രൗണ്ടിലൂടെ അനധികൃതമായി പോകുന്ന വാഹനങ്ങളുടെ ഭീഷണി എന്നിവ ഒഴിവാക്കാൻ സാധിക്കും. | 2 വർഷം | പിടി എ, എസ്എംസി, പഞ്ചായത്ത് | Panchayath and SMC |

SMC Chairman

Headmaster